(ഇ) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പളം 21-6-2005-ലെ ജി. ഒ. (ആർ‌ടി.)നം. 145/2005/സഹ. എന്ന ഉത്തരവ് പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്.

അർബൻ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

സംസ്ഥാന സഹകരണ ബാങ്കുകളിലെ വായ്പാ പലിശ കുറയ്ക്കാൻ നടപടി

138 [569] *ശ്രീ. ജോസഫ് എം. പുതുശ്ശേരി:*
,, *തോമസ് ഉണ്ണിയാടൻ:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കുകളിലെ വായ്പാ പലിശ കുയ്ക്കുവാനും അതുവഴി സഹകരണ ബാങ്കുകൾക്കുണ്ടാകുന്ന നഷ്ടം സർക്കാർ പരിഹരിച്ചുകൊണ്ട് ബാങ്കുകളെ നിലനിർത്താനുമുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(ബി) ആഗോളവൽക്കരണത്തെ തുടർന്ന് ബാങ്കിംഗ് മേഖലയിൽ ഉണ്ടായിട്ടുള്ള മാത്സര്യം സഹകരണ മേഖലയുടെ തകർച്ചയ്ക്ക് വഴിവെയ്ക്കുന്നത് തടയുവാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക വായ്പയുടെ പലിശ, പുനർവായ്പയുള്ളവയ്ക്ക് മൂന്നു ശതമാനവും പുനർവായ്പ ഇല്ലാത്തവയ്ക്ക് ഒന്നര ശതമാനവും കണ്ട് കുറച്ചിട്ടുണ്ട്. കാർഷികേതര വായ്പയുടെ പലിശ 4 ശതമാനം കുറച്ചിട്ടുണ്ട്. കാർഷിക വായ്പയുടെ 29-12-2001 മുതൽ ആറുമാസത്തേയും 23-1-2004 മുതൽ ഒരു വർഷത്തേയും പലിശ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 5 ശതമാനം കാർഷികോൽപ്പാദന സബ്സിഡി നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

(ബി) സഹകരണ ബാങ്കിംഗ് മേഖലയിൽ കമ്പ്യൂട്ടർവൽക്കരണം ഉൾപ്പെടെയുള്ള ആധുനികവൽക്കരണം നടത്തുകവഴി മെച്ചപ്പെട്ട സേവനം ഇടപാടുകാർക്ക് ലഭ്യമാകുന്നതിനും വായ്പാ ഓഹരി അനുപാതം വായ്പാ വ്യവസ്ഥകൾ എന്നിവ കൂടുതൽ ഉദാരമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി വിജയകരമായി നടപ്പിലാക്കിയതുവഴി സഹകരണ ബാങ്കുകളിലെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിന് സഹായകമായിട്ടുണ്ട്. കൂടാതെ വായ്പക്കാർക്ക് രജിസ്ട്രേഷൻ ഫീസ് ഇനത്തിലുള്ള ചെലവ് ഒഴിവാക്കിക്കൊണ്ടുള്ള 'ഗഹാൻ' പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

സഹകരണ നിക്ഷേപ സമാഹരണ മാസത്തിൽ പിരിഞ്ഞുകിട്ടിയ തുക

139 [570] *ശ്രീ. ഇ. എം. അഗസ്തി:*

,, *കെ. സുധാകരൻ:*

,, *പ്രയാർ ഗോപാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ സഹകരണ നിക്ഷേപ സമാഹരണ മാസത്തിൽ ആകെ എന്തു തുക ശേഖരിക്കുവാൻ കഴിഞ്ഞു;

(ബി) ഏറ്റവും കൂടുതൽ തുക ഏതു ജില്ലയിൽ നിന്നാണ് പിരിഞ്ഞുകിട്ടിയിട്ടുള്ളത്;

(സി) ഈ വർഷം പിരിഞ്ഞു കിട്ടിയ തുക മുൻവർഷത്തെ അപേക്ഷിച്ച് കുറവായിരുന്നോ;

(ഡി) എങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2005 മാർച്ച് മാസം 1-ാം തീയതി മുതൽ ഏപ്രിൽ മാസം 15-ാം തീയതി വരെ നടത്തിയ 28-ാമത് സഹകരണ നിക്ഷേപ സമാഹരണ യജ്ഞത്തിലൂടെ ആകെ 130537.71 ലക്ഷം രൂപ അധിക നിക്ഷേപം സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിൽ നിന്നാണ് ഏറ്റവും കൂടുതൽ തുക പിരിഞ്ഞു കിട്ടിയിട്ടുള്ളത്. (16422.01 ലക്ഷം രൂപ)

(സി) അല്ല. മുൻ വർഷത്തെ അപേക്ഷിച്ച് തൻ വർഷത്തെ നിക്ഷേപ സമാഹരണ യജ്ഞത്തിൽ 130.44 ലക്ഷം രൂപ കൂടുതലാണ് പിരഞ്ഞു കിട്ടിയിട്ടുള്ളത്.

(ഡി) ബാധകമല്ല.

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാന സഹകരണ ബാങ്ക് വായ്പാ പദ്ധതി

140 [573] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly